പ്രൈവറ്റ് വാഹനങ്ങൾക്ക് സ്പീഡോമീറ്റർ വയ്ക്കാൻ സംവിധാനം ഉണ്ടാക്കണം. അപ്പോൾപ്പിന്നെ അമിതവേഗതയുടെ പ്രശ്നം ഉണ്ടാകുന്നില്ല. സ്പീഡോമീറ്ററും റഡാറും മറ്റും എല്ലാ ജില്ലകളിലെയും വാഹനങ്ങളിൽ ഘടിപ്പിക്കാനുള്ള സംവിധാനം ഉണ്ടാകുമോ ?

ശ്രീ. സി. കെ. നാണു : റഡാറുകൾ എല്ലാ ജില്ലകളിലും അനുവദിക്കാൻ തീരുമാനമുണ്ട്. പുതിയ 5 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. സ്പീഡോമീറ്ററിന്റെ കാര്യം പരിശോധിക്കാം. കേരളത്തെപ്പോലെയുള്ള ദരിദ്ര രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ നമ്മുടെ വരുമാനത്തിനനുസരിച്ച് ചെലവഴിക്കാൻ സാധിക്കുന്ന ഫലപ്രദമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ എന്തെല്ലാമാണോ പ്രത്യേകമായി ചെയ്യാൻ സാധിക്കുന്നത് അതൊക്കെ ചർച്ചചെയ്ത് തീരുമാനിക്കാം.

കാട്ടാന വേട്ടയ്ക്കെതിരെ നടപടി

3 (*124) ശ്രീ. എൻ. കണ്ണൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. ദാസൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാനകളെ കൊന്ന് ആനക്കൊമ്പ് മോഷ്ടിക്കുന്ന വേട്ടക്കാർക്ക് എതിരെ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ പല കാടുകളിലും ആനവേട്ടക്കാർ ആനകളെ കൊന്ന് കൊമ്പ് കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിൽ ഉൾപ്പെട്ടിട്ടുള്ള ആനവേട്ടക്കാർക്ക് കർശനമായ ശിക്ഷ നൽകാൻ വൈൽഡ് ലൈഫ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുമോ ;

(ഡി) ആനവേട്ടയിൽ ഏർപ്പെടുന്ന അന്തർ സംസ്ഥാനസംഘങ്ങളെ കണ്ടുപിടിക്കുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുമോ ;

(ഇ) ആനവേട്ട സംബന്ധിച്ച് സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(എഫ്) ഇവയിൽ എത്ര കേസുകളിൽ പ്രതികൾക്കെതിരെ ശിക്ഷ വിധിച്ചിട്ടുണ്ട് ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇത്തരം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആനവേട്ടക്കാർക്ക് കർശനമായ ശിക്ഷ നൽകാൻ നിലവിലുള്ള വന്യജീവി (സംരക്ഷണം) നിയമത്തിൽ തന്നെ വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കാര്യം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

(ഇ) 2000 വർഷത്തിൽ നാലു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) ഈ കേസുകൾ ബന്ധപ്പെട്ട കോടതികളിൽ വിചാരണയിലാണ്.

ശ്രീ. എൻ. കണ്ണൻ : കാട്ടാനയെ വേട്ടയാടുന്ന സമ്പ്രദായം കേരള സംസ്ഥാനത്ത് വ്യാപകമായി നടക്കുകയാണ്. അത് നിയന്ത്രിക്കാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരെ വച്ച് സ്പെഷ്യൽ സ്കാഡ് രൂപീകരിക്കുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണെന്നു പറയുന്നു. സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് ആനവേട്ട തടയാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. കെ. നാണു : സംസ്ഥാനത്ത് സമീപ കാലത്ത് ആനവേട്ട തടയുന്നതിന്, തിരുവനന്തപുരം ജില്ലയിൽ ആനയെക്കൊന്ന് കൊമ്പ് എടുത്ത പ്രശ്നം അറിഞ്ഞതോടുകൂടി തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് സ്കാഡ് പ്രവർത്തനം നടത്തിയതിന്റെ ഫലമായി കുറച്ച് ആളുകളെ അറസ്റ്റ് ചെയ്യാനും അവരിൽ നിന്നും കൊമ്പ് തിരിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്. കേരളത്തിലുള്ള ആളുകൾ മാത്രമല്ല, തമിഴ്നാട്ടിൽ നിന്നുള്ളവരും കൂടി ചേർന്നു കൊണ്ടാണ് ഇത്തരത്തിൽ ആനയെ കൊന്നതും കൊമ്പ് എടുത്തതും. അതുപോലെ തന്നെ ഇടുക്കി ജില്ലയിലെ മൂന്നാറിൽ ഒരാനയെ കൊന്ന് കൊമ്പെടുത്ത ആളുകളെ പിടിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. എൻ. കണ്ണൻ : അന്യ സംസ്ഥാനങ്ങളിൽ നിന്നും രോഗം ബാധിച്ച ആനകളെ കേരളത്തിൽ കൊണ്ടുവന്ന് പുതുതായി ഇൻഷ്വർ ചെയ്യുന്നതിന്റെ ഫലമായി ഇവിടെയുള്ള ആനകൾക്കും കൂടി രോഗം ബാധിക്കുകയും ആനകളെ കൊല്ലുകയും ചെയ്യുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പത്രങ്ങളിൽ വാർത്ത വന്നതാണ്. അങ്ങനെയുണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് ആനയെ കൊണ്ടുവരുന്നത്, ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. സി. കെ. നാണു : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. അരുണാചൽപ്രദേശ്, മേഘാലയ, ബീഹാർ, ആസാം തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് ആനകളെ കൊണ്ടു വരുന്നത്. അവിടുത്തെ വൈൽഡ് ലൈഫ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റും ഇൻഷ്വറൻസുമായിട്ടാണ് കേരളത്തിലേക്ക് വരുന്നത്. പല ചെക്ക് പോസ്റ്റുകളിലൂടെയുമാണ് ആനകൾ കേരളത്തിലേക്ക് വരുന്നത്. അതിന്റെ ഫലമായി കേരളത്തിലെ ആനകൾക്ക് രോഗം പിടിപെടുന്ന സാഹചര്യം ഉണ്ടായി. ഇപ്പോൾ സംസ്ഥാന വന്യജീവി വകുപ്പ് കേന്ദ്രവനം വന്യജീവി വകുപ്പുമായി ബന്ധപ്പെട്ടു കൊണ്ട് അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന ആനകളെ കേരളത്തിന്റെ അനുവാദമില്ലാതെ കടത്തി വിടരുതെന്ന് പറഞ്ഞിരിക്കുകയാണ്. സംസ്ഥാനത്തെ ഫോറസ്റ്റിലെ എല്ലാ ചെക്കുപോസ്റ്റുകളിലും ഒരു കാരണവശാലും സംസ്ഥാന വൈൽഡ് ലൈഫ് വാർഡന്റെ പെർമിഷനില്ലാതെ ആനകളെ കടത്തിവിടാൻ പാടില്ല എന്നു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. ആ രൂപത്തിൽ അത് വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ. കെ. രാധ : ആനവേട്ടയ്ക്കായി ആളുകൾ കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരുന്ന ആളുകളുടെ കയ്യിൽത്തന്നെ എ. കെ. 47 ഉൾപ്പെടെയുള്ള ആയുധങ്ങളും മറ്റു സൗകര്യങ്ങളുമുണ്ട്. നമ്മുടെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരെ പലപ്പോഴും നേരിടാൻ പറ്റാത്ത അവസ്ഥ വന്നുകൊണ്ടിരിക്കുകയാണ്. അവർക്ക് ആധുനികമായ ആയുധങ്ങളും മറ്റും നൽകി ആനവേട്ടക്കാരെ പിടികൂടാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. കെ. നാണു : ഇപ്പോൾ നമ്മുടെ വന്യജീവി വകുപ്പിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ജീപ്പ്, വയർലസ് അതുപോലെയുള്ള സംവിധാനങ്ങളുണ്ട്. പക്ഷേ, ആനവേട്ടയ്ക്കു വരുന്നവരിൽ പലരും ഇതിനേക്കാൾ വലിയ ആയുധങ്ങളുമായി വരുന്നവരാണ്. ചില സ്ഥലങ്ങളിൽ നമ്മുടെ ഉദ്യോഗസ്ഥന്മാർക്കു നേരെ വെടിവയ്ക്കുകയും ടെമ്പററി സ്റ്റാഫ് അടക്കമുള്ളവരെ അക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്യുന്ന അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് കേരളത്തിൽ വന്യജീവി സംരക്ഷണത്തിന്, പ്രത്യേകിച്ച് ആനവേട്ട തടയുന്നതിന് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പുകാർക്ക് ആനവേട്ടക്കാരെ തടയുന്നതിനുള്ള ആയുധങ്ങൾ കൊടുക്കേണ്ടതിനെ സംബന്ധിച്ച് ചർച്ച നടത്തുന്നുണ്ട്. കേരളത്തിലെ വനത്തിൽ ആനകളെ വേട്ടയാടാൻ അന്തർ സംസ്ഥാന നിലവാരത്തിലുള്ള ചില കേന്ദ്രങ്ങൾ വരുന്നതായി മനസ്സിലാക്കുന്നു. അതിനെ നേരിടാൻ ആധുനികമായ എല്ലാ ആയുധങ്ങളും സംസ്ഥാന വന്യജീവി വകുപ്പിന് തരണമെന്ന് കേന്ദ്ര വന്യജീവി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി എൻ. കെ. രാധ : കാട്ടാനകളുടെ ശല്യം ഒഴിവാക്കാൻ ഫെൻസിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി ആനകൾ ചത്തു പോകുന്നുണ്ട്. ആനശല്യം ഒഴിവാക്കുകയും അതിനെ സംരക്ഷിക്കുകയും വേണം. അതിനാവശ്യമായ വല്ല നടപടികളും സ്വീകരിക്കുമോ ?

ശ്രീ. സി. കെ. നാണു : ആന മറ്റ് പ്രദേശങ്ങളിലേക്ക്, പാടങ്ങളിലേക്ക് വരുന്നത് തടയാനാണ് ഇലക്ട്രിക് ഫെൻസിംഗ് ഏർപ്പെടുത്തിയത്. അതിന്റെ ഫലമായി ആനകൾ ചത്തതായി വിവരം കിട്ടിയിട്ടില്ല. ഒന്നുരണ്ടു പ്രാവശ്യം ഹൈടെൻഷൻ വയർ താണുപോയതിന്റെ ഫലമായി ഒന്നുരണ്ട് ആനകൾ മരണമടഞ്ഞു. വയനാട്ടിൽ ഫെൻസിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ ഇലക്ട്രിക്കൽ ഫെൻസിംഗിൽ തട്ടിയതിന്റെ ഫലമായി ആന മരിച്ചതായി വിവരമില്ല.

ശ്രീ. ടി. കെ. നൗഷാദ് : വന്യ ജീവികളെ സംരക്ഷിക്കുന്ന നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്നു തന്നെയാണ് അഭിപ്രായം. കാട്ടിലെ ആനകളും പുലികളും നാട്ടിലേക്ക് ഇറങ്ങിവന്ന് മനുഷ്യരേയും കൃഷിസ്ഥലങ്ങളെയും നശിപ്പിച്ചാൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. പാലക്കാട്ട് പുലി ഇറങ്ങിവന്ന് ശല്യം ഉണ്ടാക്കിയത് മന്ത്രിക്ക് അറിയാം. വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ ശക്തമായ നടപടി സ്വീകരിച്ചതായി പരാതിയുണ്ട്. അതിനെക്കുറിച്ച് എന്താണ് അഭിപ്രായം ?

ശ്രീ. സി. കെ. നാണു : ആ വിവരം അറിഞ്ഞ ഉടനെ വനംവകുപ്പ് ഉദ്യോഗസ്ഥന്മാർ സംഭവസ്ഥലത്ത് എത്തിയെന്നാണ് ഞാൻ മനസിലാക്കിയത്. ഒരു നഗരത്തിന്റെ മദ്ധ്യത്തിൽ പുലി വന്നതിന്റെ ഭയപ്പാട്. ഒരു ഭാഗത്ത് വന്യജീവി സംരക്ഷണം മറുഭാഗത്ത് ആനകളേയും പുലികളേയും നമ്മൾ സംരക്ഷിക്കണം. എന്നാൽ പല സ്ഥലത്തും വന്യജീവികൾ കൃഷിനശിപ്പിക്കുകയും അപകടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. വന്യജീവികളെ സംരക്ഷിക്കുക എന്നത് നമ്മുടെ രാജ്യത്തിന്റെ പ്രധാനപ്പെട്ട ചുമതലയാണെന്ന സമീപനം സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അന്തർദേശീയ നിലവാരത്തിലും സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലും വന്യജീവികളെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവികൾ നാട്ടിലിറങ്ങിയാൽ പോലും വെടിവച്ചു കൊല്ലാതെ ഏതെങ്കിലും തരത്തിൽ പിടിച്ച് കാട്ടിലേയ്ക്ക് വിടണമെന്നാണ് വന്യജീവി വകുപ്പ് ജനങ്ങളോട് അഭ്യർത്ഥിക്കുന്നതും അവർ ചെയ്യുന്നതും.

ശ്രീ. എം. ദാസൻ : ആനവേട്ടയിൽ ഏർപ്പെടുന്ന അന്തർ സംസ്ഥാന സംഘങ്ങളെ സംബന്ധിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. അത് തടയുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ടു കൊണ്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. സി. കെ. നാണു : തമിഴ്നാട് - കർണ്ണാടക അതിർത്തികളിൽ നിന്നും ചില സീസണിൽ ആനകൾ കൂട്ടത്തോടെ കേരളത്തിലേയ്ക്ക് വരുകയും പോകുകയും ചെയ്യുന്നുണ്ട്. അപ്പോഴാണ് ആനവേട്ട കൂടുതലായും നടക്കുന്നത്. ആ സന്ദർഭത്തിൽ ഇരു സംസ്ഥാനങ്ങളിലേയും വനപാലകർ സംയുക്തമായിട്ടാണ് അന്തർ - സംസ്ഥാന ആനവേട്ട തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നത്.

ശ്രീ. എം. ദാസൻ : ആനവേട്ട തടയുന്നതിൽ ഏർപ്പെടുന്ന വനപാലകർക്ക് ആയുധം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സി. കെ. നാണു : വനപാലകർക്ക് ആധുനിക ആയുധങ്ങൾ നൽകിയാൽ മാത്രമേ ആനവേട്ട ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയൂ. ആനക്കൊമ്പ് വ്യാപാരം ഇന്ത്യയിൽ നിരോധിച്ചിരിക്കുകയാണ്. വിദേശരാജ്യങ്ങളിലേക്ക് ആനക്കൊമ്പ് കടത്തുന്നത് തടയാൻ വിമാനത്താവളങ്ങളിൽ പ്രത്യേക സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എളമരം കരീം : ആനക്കൊമ്പുകൊണ്ടുള്ള കരകൗശല ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്ന ആളുകൾക്ക് ആനക്കൊമ്പ് എവിടെനിന്നും ലഭിച്ചു എന്ന വിവരം നൽകേണ്ടതുണ്ടോ, ഇക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ശ്രീ. സി. കെ. നാണു : ആനക്കൊമ്പുകൊണ്ടുള്ള കരകൗശല വസ്തുക്കൾ മാർക്കറ്റിൽ സുലഭമാണ്. ആനക്കൊമ്പ് എവിടെനിന്ന് ലഭിക്കുന്നുവെന്ന വിവരം നൽകാൻ വിൽപ്പന നടത്തുന്നവരും ഉൽപ്പാദകരും ബാദ്ധ്യസ്ഥരാണ്.

ശ്രീ. എളമരം കരീം : നമ്മുടെ സംസ്ഥാനത്ത് കാട്ടാനകളുടെ എണ്ണം വർദ്ധിക്കുകയാണോ കുറയുകയാണോ ചെയ്തിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : കാട്ടാനകൾ ഉൾപ്പെടെ വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായിട്ട് സമീപപ്രദേശത്ത് വന്യജീവികളുടെ ആക്രമണവും മുൻ കാലത്തേക്കാൾ വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : കൂട്ടമായി കാട്ടാനകൾ അതിർത്തി കടന്ന് എത്താറുണ്ടെന്ന് അങ്ങ് പറഞ്ഞു. ആ അവസരത്തിൽ കാട്ടാനകളോടൊപ്പം വീരപ്പനും കേരളത്തിൽ വന്നുപോയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മി. സ്പീക്കർ : അങ്ങേയ്ക്ക് ഇത്ര കൃത്യമായ വിവരം എങ്ങനെ കിട്ടിയെന്നുള്ളതാണ്.

ശ്രീ. സി. കെ. നാണു : കർണ്ണാടക - തമിഴ്നാട് പോലീസ്, വനംവകുപ്പ് ഉദ്യോഗസ്ഥന്മാരെ സഹായിക്കുക മാത്രമേ കേരളം ചെയ്യുന്നുള്ളൂ. വീരപ്പനെ പിടിക്കാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : കാട്ടാനകളെ സംബന്ധിച്ചാണ് ചോദ്യമെങ്കിലും നിരന്തരമായ പീഡനത്തെത്തുടർന്ന് ധാരാളം കാട്ടാനകൾ ചരിഞ്ഞിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം പീഡനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. സി. കെ. നാണു : വളരെ ഗൗരവമുള്ള വിഷയമാണിത്. ഗുരുവായൂരിൽ അമ്പതിലധികം ആനകളെ നല്ല രീതിയിൽ പരിപാലിക്കുന്നുണ്ട്. പല ക്ഷേത്രങ്ങൾക്കും സ്വന്തമായി ആനയുണ്ട്. ധാരാളം വ്യക്തികൾക്കും സ്വന്തമായി ആനയുണ്ട്. സ്വന്തമായി ആനയുള്ളവരുടെ ഒരു സംഘടനയും നിലവിലുണ്ട്. കാട്ടാനകളെപ്പോലും ചികിൽസിക്കാൻ കഴിവുള്ള വിദഗ്ദ്ധരായ മൂന്നു ഡോക്ടർമാർ വനംവകുപ്പിനുണ്ട്. എല്ലാവരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് ആലോചിക്കുന്നതാണ്.

കായലിലും കടലിലും നിക്ഷേപിച്ച മൽസ്യക്കുഞ്ഞുങ്ങൾ

4 (*125) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായലുകളിലും കടലിലുമായി ഏതെല്ലാം ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) കടലിലും കായലിലും നിക്ഷേപിക്കപ്പെടുന്ന മൽസ്യക്കുഞ്ഞുങ്ങൾ പൂർണ്ണ വളർച്ചയെത്തുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് ഈ സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly